കേന്ദ്രത്തിലേക്കുള്ള ഇൻഫ്രാസ്ട്രക്ച്ചറിനെക്കുറിച്ചാണ്. റോഡിന്റെ കാര്യത്തിൽ പരിഹാരം കാണാമെന്ന് അങ്ങു പറഞ്ഞു. അവിടെ വെള്ളവും വൈദ്യുതിയും ആവശ്യത്തിന് കിട്ടുന്നില്ല. അതുകൊണ്ട് പുതിയ സംരംഭങ്ങൾ വരുന്നില്ല. അതോടൊപ്പം ഇപ്പോഴുള്ളവർ വെള്ളവും വൈദ്യുതിയും കിട്ടാത്തതുമൂലം ഒഴിഞ്ഞുപോകുന്ന സ്ഥിതിയാണുള്ളത്. ആ പ്രദേശത്ത് താമസിക്കുന്നവർക്കും ആ വ്യവസായകേന്ദ്രത്തിലേക്ക് ആവശ്യമായ വെള്ളവും വൈദ്യുതിയും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, വലിയവെളിച്ചം എന്ന സ്ഥലത്ത് growth centre പ്രശ്നമുണ്ട്. ഞാൻ ആദ്യം പറഞ്ഞു റോഡിന്റെ കാര്യത്തിൽ ഇപ്പോൾ നടപടി സ്വീകരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങളും ഗവൺമെന്റ് തീർച്ചയായും പരിഗണിക്കാം.

കുടുംബ സുരക്ഷാ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി

2 [*133] ശ്രീ. സി. മോയിൻകുട്ടി :
,, നാലകത്ത് സൂപ്പി :
,, പി. കെ. കെ. ബാവ :
,, പി. കെ. അബ്ദുറബ്ബ്:
,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബ സുരക്ഷാ പദ്ധതി എന്ന് മുതലാണ് സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; ഇതിൽ അംഗമാകാനുള്ള മാനദണ്ഡം എന്താണ് ;

(ബി) ഇതിന്റെ പ്രയോജനം ആർക്കെല്ലാം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, സംസ്ഥാനത്തെ ദരിദ്രകുടുംബങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള കുടുംബ സുരക്ഷ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും 2006 ജനുവരി 3-ാം തീയതിയിലെ ജി.ഒ. (എം.എസ്.) നമ്പർ 01/2006/ത.സ്വ.ഭവ. നമ്പരായി ഉടൻതന്നെ പ്രാബല്യത്തിൽ വരത്തക്കവിധം ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. സംസ്ഥാനത്തെ ദരിദ്രകുടുംബങ്ങൾക്കാണ് പദ്ധതിയിൽ അംഗമാകുന്നതിന് അർഹത. ദരിദ്രകുടുംബങ്ങളെ നിർണ്ണയിക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly

(1) കുടുംബശ്രീയുടെ താഴെപ്പറയുന്ന അംഗീകൃത ക്ലേശഘടകങ്ങളിൽ നാലോ അതിൽ കൂടുതലോ ഘടകങ്ങൾ ബാധകമായിട്ടുള്ള കുടുംബം:

	ഗ്രാമപ്രദേശം	നഗരപ്രദേശം
1.	കിടപ്പാടം (ഭൂമി) ഇല്ലാത്തവർ/10 സെന്റിനു താഴെമാത്രം ഭൂമിയുള്ളവർ	കിടപ്പാടം (ഭൂമി) ഇല്ലാത്തവർ/5 സെന്റിനു താഴെമാത്രം ഭൂമിയുള്ളവർ
2.	വീടില്ലാത്തവർ/വാസയോഗ്യമായ വീടില്ലാത്തവർ	വീടില്ലാത്തവർ/വാസയോഗ്യമായ വീടില്ലാത്തവർ
3.	300 മീറ്ററിനുള്ളിൽ ശുദ്ധജലം ലഭ്യമല്ലാത്തവർ	150 മീറ്ററിനുള്ളിൽ ശുദ്ധജലം ലഭ്യമല്ലാത്തവർ
4.	സാനിട്ടറി ടോയ്‌ലെറ്റ് ഇല്ലാത്തവർ	സാനിട്ടറി ടോയ്‌ലെറ്റ് ഇല്ലാത്തവർ
5.	കുടുംബത്തിൽ ആർക്കും തന്നെ സ്ഥിരമായി തൊഴിലില്ല (മാസത്തിൽ 10 ദിവസത്തിൽ താഴെമാത്രം തൊഴിലുള്ളവർ)	കുടുംബത്തിൽ ആർക്കും തന്നെ സ്ഥിരമായി തൊഴിലില്ല (മാസത്തിൽ 10 ദിവസത്തിൽ താഴെമാത്രം തൊഴിലുള്ളവർ)
6.	സ്ത്രീ ഗൃഹനാഥയായിട്ടുള്ള കുടുംബം/ വിധവ/ഭർത്താവ് ഉപേക്ഷിച്ച സ്ത്രീ/ അവിവാഹിതയായ അമ്മയുള്ള കുടുംബം	സ്ത്രീ ഗൃഹനാഥയായിട്ടുള്ള കുടുംബം/ വിധവ/ഭർത്താവ് ഉപേക്ഷിച്ച സ്ത്രീ/ അവിവാഹിതയായ അമ്മയുള്ള കുടുംബം
7.	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ/മാറാവ്യാധികൾ ബാധിച്ചവർ ഉള്ള കുടുംബം	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ/മാറാവ്യാധികൾ ബാധിച്ചവർ ഉള്ള കുടുംബം
8.	പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുടുംബം	പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുടുംബം
9.	പ്രായപൂർത്തിയായ ഒരാളെങ്കിലും നിരക്ഷരനോ/നിരക്ഷരയോ ആയ കുടുംബം	കളർ ടി.വി. ഇല്ലാത്ത കുടുംബം

(2) മുകളിൽപ്പറയുന്ന ക്ലേശഘടകങ്ങളിൽ 6, 7, 8 എന്നിവയിൽ ഒന്നുൾപ്പെടെ മൂന്ന് ക്ലേശഘടകങ്ങൾ ബാധകമാവുന്ന കുടുംബം

(3) മുകളിൽപ്പറഞ്ഞ ക്ലേശഘടകങ്ങളിൽ 6, 7, 8 എന്നിവയിൽ ഏതെങ്കിലും രണ്ടെണ്ണം ബാധകമാവുന്ന കുടുംബം

(4) എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും (അംഗനവാടി വർക്കർ, അംഗനവാടി ടീച്ചർ, ലാസ്റ്റ്ഗ്രേഡ് ജീവനക്കാർ മുതലായ കുറഞ്ഞ വരുമാനമുള്ള സർക്കാർ മേഖലയിൽ തൊഴിലെടുക്കുന്നവരുൾപ്പെടെ) അംഗമാകാം.

LIBRARY ARCHIVES Kerala Legislative Assembly

(5) മേൽപ്പറഞ്ഞ രീതിയിൽ ക്ലേശഘടകങ്ങൾ ബാധകമല്ലാത്ത കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായ കുടുംബങ്ങൾ 450 രൂപ നൽകി അംഗത്വം നേടാം.

(ബി) ഈ മാനദണ്ഡങ്ങളനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാകും.

(സി) കുടുംബ സുരക്ഷ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

(1) 3-1-2006-ന് തന്നെ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

(2) തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച് വിശദമായ സർക്കാർ ഉത്തരവ് 13-1-2006-ന് പുറപ്പെടുവിച്ചു.

(3) പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 16-1-2006-ന് നിർവ്വഹിച്ചു.

(4) പദ്ധതി നടപ്പാക്കുന്നതിനുള്ള ചുമതല ഏൽപ്പിച്ചിട്ടുള്ള ഇൻഷ്വറൻസ് കമ്പനി 30 ലക്ഷം അപേക്ഷാഫോറങ്ങളും ലഘുലേഖകളും അച്ചടിച്ച് കുടുംബശ്രീ ജില്ലാ മിഷനുകളിൽ ലഭ്യമാക്കുകയും അവ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു.

(5) അപേക്ഷാഫോറം ദരിദ്ര കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനും പൂരിപ്പിച്ച അപേക്ഷാഫോറങ്ങളും ഗുണഭോക്തൃവിഹിതവും തിരികെ വാങ്ങുന്നതിന് കുടുംബശ്രീ സംഘടനാ സംവിധാനത്തെ ചുമതലപ്പെടുത്തി.

(6) എല്ലാ ജില്ലകളിലും തദ്ദേശഭരണ സ്ഥാപനത്തിലെ അദ്ധ്യക്ഷന്മാരുടെ പ്രത്യേക യോഗം വിളിച്ചുകൂട്ടി പദ്ധതി വിശദീകരിച്ചു.

(7) ഇൻഷ്വറൻസ് കമ്പനി ആശുപത്രികളെ നെറ്റ് വർക്ക് ചെയ്യുന്ന പ്രവർത്തനം ആരംഭിക്കുകയും 10-2-2006 വരെ 654 ആശുപത്രികളെ നെറ്റ് വർക്കിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്.

(8) 2006 ഫെബ്രുവരി 11-ാം തീയതി വരെ 12,69,173 പേർ പൂരിപ്പിച്ച അപേക്ഷയും ഗുണഭോക്തൃവിഹിതമായി 4,18,82,709 രൂപയും സി. ഡി. എസ്സുകളെ ഏൽപ്പിച്ചിട്ടുണ്ട്.

ശ്രീ. ടി. പി. എം. സാഹിർ: സർ, പാവങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും അനുഗ്രഹീതമായ ഒരു പദ്ധതിയാണിത്. ഇവിടെ ഉത്തരം നൽകിയതിൽ 12,69,173 പേർ അപേക്ഷിക്കുകയും മൂന്ന് ഇൻഷ്വറൻസ് കമ്പനികൾ മുഖേന 4,18,82,750 രൂപ ഇവർ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇനി ഇതിന്റെ ഗുണഫലം ലഭിക്കുന്നതിന് ഇവർ അർഹരാണോയെന്ന് ഇപ്പോഴും തിട്ടപ്പെടുത്തിയിട്ടില്ല. ക്ലേശഘടകങ്ങൾ വളരെയധികം പറയുന്നുണ്ട്. ഇതെല്ലാം നടത്തി വരുമ്പോഴേക്കും രോഗി മരിച്ചുകാണും. അപ്പോൾ ഇതിന് സമയബന്ധിതമായി ....(ബഹളം).... ഞാൻ പറയുന്നത് ഗവൺമെന്റിന്റെ നല്ല വശങ്ങളെപ്പറ്റിയാണ്. പാവങ്ങളെ സഹായിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് കൊണ്ടുവന്ന ഏറ്റവും നല്ല ഒരു പദ്ധതിയാണിത്. പക്ഷേ അത് സമയബന്ധിതമായി 31-3-2006-നുശേഷം പ്രാബല്യത്തിൽ വന്നതായി പ്രഖ്യാപിക്കുകയും ഈ 4 കോടി 18 ലക്ഷം രൂപ വിവിധ ഇൻഷ്വറൻസ് കമ്പനികൾ വാങ്ങിവച്ചതുകൊണ്ട് അതിലെ ക്ലേശഘടകങ്ങൾ മുഴുവൻ സി.ഡി.എസ്. അത് പൂർത്തിയാക്കിയിട്ടില്ല എന്നു പറയുന്നതിനുപകരം ഗവൺമെന്റുതന്നെ വിജ്ഞാപനമായി എല്ലാ അപേക്ഷയും പരിശോധിച്ച് സ്വീകരിക്കാൻ സമയമെടുക്കുന്നത് ശരിയല്ല. അതുകൊണ്ട് 31-3-2006 സമയംവച്ച് എല്ലാ അപേക്ഷയും സ്വീകരിക്കുന്നതിന് നടപടിയെടുക്കാൻ ഗവൺമെന്റ് ഒരുക്കമാണോ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, അപേക്ഷ സ്വീകരിക്കുന്നതിനുള്ള അർഹതയാണ് ഇവിടെ പറഞ്ഞത്. അപേക്ഷ സ്വീകരിക്കുമ്പോൾത്തന്നെ അർഹതയുണ്ടോയെന്ന് തീരുമാനിച്ചിട്ടുണ്ട്. ഈ ക്ലേശഘടകങ്ങളിൽ നിശ്ചിത ക്ലേശഘടകങ്ങൾ ഉൾപ്പെട്ട കുടുംബങ്ങൾക്കാണ് ഇതിൽ ചേരാനുള്ള അർഹതയുള്ളത്. ഇത് മാർച്ചുമാസംവരെ നീട്ടേണ്ട ആവശ്യമില്ല. ഇത് എഗ്രിമെന്റ് വച്ച ദിവസംമുതൽ പ്രാബല്യത്തിൽ വരികയാണ്. അപ്പോൾ അർഹരായവരുടെ അപേക്ഷ സ്വീകരിച്ച് അവരെ ഇൻഷ്വറൻസിൽ അംഗങ്ങളായി ചേർത്തുകഴിഞ്ഞാൽ ഉടനെ ചികിത്സ ആവശ്യമായി വരുമ്പോൾ അവർക്ക് ലഭ്യരാകുന്നതാണ്. അത് ലഭ്യമാകില്ലെന്നുള്ള ഒരു സംശയവും ആശങ്കയും വേണ്ട. ഇത് ലഭ്യമാകും. അതിന് മരിക്കുന്നതുവരെ കാത്തിരിക്കേണ്ട ആവശ്യമില്ല.

ശ്രീ. ടി. പി. എം. സാഹിർ: നഗരങ്ങളും ഗ്രാമങ്ങളും തമ്മിലുള്ള ക്ലേശഘടകങ്ങളിൽ നഗരങ്ങളിലെ 150 മീറ്റർ വരെ ശുദ്ധജല ലഭ്യത ഇന്ന് കാണുന്നുണ്ട്. ഈ കോർപ്പറേഷന്റെ പൊതുടാപ്പുകൾ ഇതിൽ മാനദണ്ഡമാക്കുകയാണെങ്കിൽ കോഴിക്കോട് കോർപ്പറേഷനിൽ 150 മീറ്ററിൽ ടാപ്പ് കാണും, പക്ഷേ വെള്ളം കാണില്ല. അതുകൊണ്ട് കാര്യങ്ങളിൽ ഒരു മാറ്റം വരുത്തി എല്ലാ അപേക്ഷകളിലും ക്ലേശഘടകങ്ങൾ ചുരുക്കി എല്ലാവരുടേയും സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: അല്പം കോമൺസെൻസൊക്കെ കുടുംബശ്രീയുടെ വ്യവസായ വകുപ്പുകൾക്കുമുണ്ട്. അതിൽ മാറ്റം വരുത്തേണ്ട ആവശ്യമില്ല. ആവശ്യമായ അളവുകളൊക്കെ വരുത്തുന്നതാണ്.

ശ്രീ. പി. കെ. കെ. ബാവ: വളരെ ശ്ലാഘനീയമായ ഒരു പദ്ധതിയാണിത്. ഇതിനു മുൻകൈ എടുത്തതിൽ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. എന്നാൽ ഈ ഗവൺമെന്റ് വിഭാവനം ചെയ്യുന്ന ആനുകൂല്യങ്ങൾ പാവപ്പെട്ട ആളുകൾക്ക്, ബന്ധപ്പെട്ട ആളുകൾ ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും മുൻകരുതലുകൾ എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: വളരെ ശക്തമായ മുൻകരുതലുകൾ ഗവൺമെന്റ് ഈ കാര്യത്തിൽ എടുത്തിട്ടുണ്ട്. ഇൻഷ്വറൻസ് കമ്പനി വ്യവസ്ഥ ചെയ്തിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും നമ്മുടെ ദരിദ്ര കുടുംബങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കണമെന്നുള്ള കാര്യത്തിൽ ഗവൺമെന്റിന് നിർബന്ധമുണ്ട്. കമ്പനി ഈ ദരിദ്ര കുടുംബങ്ങൾക്ക് നൽകാമെന്ന് സമ്മതിച്ചിട്ടുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഇൻഷ്വറൻസ് കമ്പനിയുമായി ഒരു സർവ്വീസ് ലെവൽ എഗ്രിമെന്റ് ഒപ്പുവയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ദരിദ്ര കുടുംബങ്ങൾക്ക് ലഭിക്കേണ്ട എല്ലാവിധ ആനുകൂല്യങ്ങളും സംരക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ പ്രസ്തുത സർവ്വീസ് ലെവൽ എഗ്രിമെന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. കെ. കെ. ബാവ: സർ, ഈ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി ഗവൺമെന്റ് ആരോഗ്യമേഖലയിൽ നിന്നും പിൻവാങ്ങുമെന്ന് വ്യാപകമായ പ്രചരണം പല കേന്ദ്രങ്ങൾ അഴിച്ചുവിടുകയാണ്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതിൽ എന്തെങ്കിലും വാസ്തവമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഇങ്ങനെ ചിലർ പ്രചരിപ്പിക്കുന്നത് വസ്തുതകൾ അറിയാത്തതിന്റെ പേരിലാണെന്നാണ് എനിക്ക് പറയാനുള്ളത്. സത്യസന്ധമായി കാര്യങ്ങൾ പഠിച്ചാൽ അങ്ങനെ ഒരാളും പറയില്ല. ആരോഗ്യമേഖലയിൽ ഈ വർഷവും ആവശ്യമായ ഇൻവെസ്റ്റുമെന്റിന് ഗവൺമെന്റ് തുക വകയിരുത്തിയിട്ടുണ്ട്. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളും കേന്ദ്രഗവൺമെന്റും സ്റ്റേറ്റ് ഗവൺമെന്റുംകൂടി സംയുക്തമായി നടപ്പാക്കുന്ന വർക്കാണ്. ആരോഗ്യമേഖലയിൽ നിന്നും ഗവൺമെന്റ് പിൻവാങ്ങാനുള്ള ഒരു പരിപാടിയും ഇതിലില്ല. നേരെമറിച്ച് ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്താനും ഈ കാലത്ത് ചികിത്സാചെലവ് ഏറിയതുകൊണ്ട് സ്വകാര്യമേഖലയിലേക്ക് പോകേണ്ടിവരുന്ന സാധാരണക്കാർക്ക് താങ്ങാനാകാത്ത ചികിത്സാചെലവിൽ എന്തെങ്കിലും ഒരു സഹായം ചെയ്യുന്നതിന് നടപ്പാക്കുന്ന ഒരു ഇൻഷ്വറൻസ് പദ്ധതിയാണ്. പാവപ്പെട്ടവരെ സഹായിക്കാനുള്ള ഗവൺമെന്റിന്റെ പ്രതിബദ്ധതയാണ് ഇതിന്റെ പിന്നിലുള്ളത്.

ശ്രീ. സി. മമ്മൂട്ടി: സർ, ഗവൺമെന്റ് പ്രഖ്യാപിച്ചതിൽ ഏറ്റവും കൂടുതൽ പാവങ്ങളെ സഹായിക്കുന്ന ഒരു പദ്ധതിയാണ് ഇത്. ഇപ്പോൾ മുഖ്യമന്ത്രിക്കുതന്നെ അപേക്ഷ കൊടുക്കുന്നതിൽ മഹാഭൂരിപക്ഷവും ചികിത്സയ്ക്കുവേണ്ടിയാണ്. പാവപ്പെട്ടവർ മാറാരോഗങ്ങൾ വന്നു മരിച്ചുപോവുകയാണ് ചെയ്യുന്നത്. അതിനു പകരമായി കേന്ദ്രഗവൺമെന്റ് ആവിഷ്ക്കരിച്ച ഒരു വ്യത്യസ്തമായ പദ്ധതി ഇവിടെ കൊണ്ടുവന്നത് ഏറ്റവും വലിയ ശ്ലാഘനീയമായ പരിപാടിയാണ്. ഇത് ബി.പി.എൽ., എ.പി.എൽ. തർക്കമുള്ളതുകൊണ്ട് കാർഡ് മാനദണ്ഡമാക്കാതെ, ഗ്രാമപഞ്ചായത്ത് സർട്ടിഫൈ ചെയ്യുന്ന പാവപ്പെട്ട എല്ലാ രോഗികൾക്കും ലഭ്യമാക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കാൻ അങ്ങ് നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഇതിൽ വളരെ വ്യക്തമായ മാനദണ്ഡങ്ങൾ പറഞ്ഞിട്ടുണ്ട്. ക്ലേശഘടകങ്ങൾ നിശ്ചിത അളവിലുള്ള കുടുംബങ്ങൾക്ക് ബി.പി.എൽ., എ.പി.എൽ. ലിസ്റ്റ് മാത്രം നോക്കുകയല്ല, ക്ലേശഘടകങ്ങളിൽപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

ദരിദ്രകുടുംബങ്ങൾക്ക് കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. അപ്പോൾ സത്യസന്ധമായ രീതിയിൽ സർട്ടിഫൈ ചെയ്യപ്പെടുകയാണെങ്കിൽ അത്തരം ആളുകളെ ഉൾപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കാം.

ശ്രീ. സി. മമ്മൂട്ടി: സർ, ഈ ആനുകൂല്യപ്രകാരം പാവപ്പെട്ട കുടുംബത്തിലെ ഗർഭിണി പ്രസവിക്കുന്നതിന് 15,000 രൂപ, മരണപ്പെട്ടുപോയാൽ ഒരു ലക്ഷം രൂപ, ഒരു ജോലിയും ചെയ്യാനാകാതെ തളർന്നുപോയാൽ ഒരുലക്ഷം രൂപ. അങ്ങനെ ഒട്ടേറെ ആനുകൂല്യങ്ങളുള്ള ഈ പദ്ധതിയിൽ പല പഞ്ചായത്തുകളും വേണ്ടത്ര ഗൗരവത്തോടുകൂടി ഉൾക്കൊണ്ടുകൊണ്ട് പണം കൊടുത്തിട്ടില്ല. ഗ്രാമപഞ്ചായത്ത് കൊടുക്കേണ്ട 33 രൂപ ഗുണഭോക്താക്കളിൽ നിന്നും തന്നെ ഈടാക്കുന്ന പ്രവണത ചില പഞ്ചായത്തുകളിൽ കണ്ടുവരുന്നുണ്ട്. എന്റെ നിയോജക മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഗുണഭോക്താവിൽ നിന്ന് 66 രൂപ വാങ്ങിയ ഒരു അനുഭവമുണ്ട്. അതൊഴിവാക്കിക്കൊണ്ട് പഞ്ചായത്തുതന്നെ 33 രൂപ കൊടുക്കണമെന്നും, ഗുണഭോക്താവിൽ നിന്നും 33 രൂപ മാത്രമേ വാങ്ങു എന്നും പറയണം. അതനുസരിക്കാത്ത പഞ്ചായത്തുകളുടെ ഫണ്ട് മരവിപ്പിക്കണം. ഗവൺമെന്റ് കൊടുക്കുന്ന 33 രൂപ അപേക്ഷകൾക്കനുസൃതമായി ഈടാക്കി അത് നിർബന്ധമായി നടപ്പാക്കുന്നതിനുവേണ്ട ശക്തമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഇപ്പോൾത്തന്നെ 899-ഓളം തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ കാര്യത്തിൽ മുന്നോട്ടു വന്നിട്ടുണ്ട്. 15 ലക്ഷത്തോളം ബി.പി.എൽ. കുടുംബങ്ങൾ ഇതിൽ അംഗങ്ങളായിട്ടുണ്ട്. ഈ പഞ്ചായത്തുകളുമായി സംസാരിച്ചു കൊണ്ടിരിക്കുകയാണ്. സഹകരണ മനോഭാവത്തോടുകൂടി, സൗഹൃദ മനോഭാവത്തോടുകൂടി പഞ്ചായത്തുകളുമായി സംസാരിച്ച് ഇതിൽ ആരെങ്കിലും വിമുഖത കാണിക്കുന്നുണ്ടെങ്കിൽ അവരെക്കൂടി ഈ രംഗത്തേക്ക് കൊണ്ടുവരാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്.

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ഈ ക്ലേശഘടകങ്ങൾ ബാധകമല്ലാത്ത കുടുംബശ്രീ, അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായവർ 450 രൂപ കൊടുക്കണമെന്ന് പറയുന്നുണ്ട്. അത് കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഇത് പാവപ്പെട്ടവരെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. പാവപ്പെട്ടവർക്ക് സൗജന്യമായി ചികിത്സാ സഹായം ലഭ്യമാക്കുക എന്നുള്ളതാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അപ്പോൾ അല്പം സാമ്പത്തികമായ കഴിവുള്ളവരൊക്കെ അവരുടെ പ്രീമിയം അടയ്ക്കുന്നതല്ലേ ഉചിതമെന്നാണ് ഗവൺമെന്റിന്റെ ചിന്താഗതി. ഈ കാര്യത്തെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കാം.

ശ്രീ. പി. കെ. അബ്ദുറബ്ബ്: ഇവിടെ നേരത്തെ ശ്രീ. സി. മമ്മൂട്ടി ചൂണ്ടിക്കാണിച്ചതു പോലെ പല പഞ്ചായത്തുകളിലും, പ്രത്യേകിച്ച് ഇടതുപക്ഷ കക്ഷികൾ ഭരിക്കുന്ന പഞ്ചായത്തുകളിൽ, ഈ പദ്ധതിക്ക് എതിരായിട്ടുള്ള പ്രചരണങ്ങൾ നടക്കുകയും, അപേക്ഷാഫാറങ്ങൾ കൊടുക്കാതിരിക്കുകയും, കുടുംബശ്രീയിലെ അംഗങ്ങൾക്കു മാത്രമേ അതിന്റെ ആനുകൂല്യം ലഭിക്കുകയുള്ളുവെന്ന് പ്രചരണം നടത്തുകയും ചെയ്യുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഞാൻ നേരത്തെ പറഞ്ഞു, ഇതിൽ ഇടതുപക്ഷ പഞ്ചായത്തുകളും മുന്നോട്ടുവന്നിട്ടുണ്ട്. കക്ഷിരാഷ്ട്രീയ ഭേദമെന്യേ എല്ലാവരും മുന്നോട്ടുവന്നിട്ടുണ്ട്. ചില സംശയങ്ങൾ ബാക്കി നിൽക്കുന്നുണ്ട്. ആ വസ്തുതകൾകൂടി മനസ്സിലാക്കിക്കഴിഞ്ഞാൽ, എല്ലാവരും ഈ പരിപാടിയിൽ സഹകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. എൻ. എ. ഖാദർ: കുടുംബശ്രീ പദ്ധതിയിൽ തീരുമാനിക്കപ്പെട്ടിട്ടുള്ള റിസ്ക്ക് ഫാക്ടേഴ്സിൽ, എല്ലാ വിധത്തിൽപ്പെട്ട രോഗങ്ങളും, എല്ലാ തരത്തിലുള്ള ചികിത്സകളും ഉൾപ്പെടുമോ? ഇതിൽ അംഗങ്ങളായിട്ടുള്ള ആളിന്റെ താല്പര്യം അനുസരിച്ച് അലോപ്പതി, ആയുർവേദം, ഹോമിയോ, സിദ്ധ, യുനാനി തുടങ്ങി ഏതു ചികിത്സയ്ക്കും ആനുകൂല്യം കിട്ടുമോ എന്നാണ് എനിക്ക് അറിയേണ്ടത്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ആശുപത്രികളുടെ അർഹതയും സൗകര്യവും പരിശോധിച്ച് എല്ലാവിധ ചികിത്സകളും ലഭ്യമാക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: ഇതിൽ അംഗമായി ചേരുന്നതിന് ഫെബ്രുവരി 10 വരെ കാലാവധി നിശ്ചയിച്ചിരുന്നു എന്നാണ് കേട്ടത്. കാലാവധി നീട്ടിക്കൊടുക്കാൻ വല്ല ഉദ്ദേശവുമുണ്ടോ? അതുപോലെ തദ്ദേശഭരണ സ്ഥാപനങ്ങളും കുടുംബശ്രീ മിഷനും ഇതിൽ അംഗങ്ങളെ ചേർക്കുന്നതിനുള്ള സഹായ സഹകരണങ്ങളും ഏർപ്പാടുകളുമൊക്കെ ചെയ്യുമ്പോൾ, ക്ലെയിം സെറ്റിൽമെന്റിന് ഈ സ്ഥാപനങ്ങൾ വഴിയാണോ നടപടികൾ സ്വീകരിക്കുന്നത് എന്നറിഞ്ഞാൽ കൊള്ളാം. സാധാരണഗതിയിൽ ഇതുപോലെയുള്ള ഇൻഷ്വറൻസുകളിലൊക്കെ ചേമാൻവേണ്ടി ആളുകളെ പ്രോൽസാഹിപ്പിക്കണമെന്ന് പറയുമ്പോൾ, ക്ലെയിം repudiate ചെയ്യാനുള്ള ഒരു tendency അങ്ങനെയുള്ള കമ്പനികൾക്ക് ഉണ്ടാകും. അതുകൊണ്ട് ക്ലെയിം സെറ്റിൽമെന്റിന്റെ സമയത്തും തദ്ദേശഭരണ സ്ഥാപനങ്ങളേയും കുടുംബശ്രീയേയും സഹായിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: അതിനൊക്കെ സർക്കാർ വ്യക്തമായ മുൻകരുതൽ എടുത്തിട്ടുണ്ട്. ജില്ലാ തലത്തിലും നിയോജകമണ്ഡലാടിസ്ഥാനത്തിലുമൊക്കെ ഇതു ശരിയായ വിധത്തിൽ നടപ്പിലാക്കുന്നതിനും ആനുകൂല്യങ്ങൾ കിട്ടുന്നതിനുമൊക്കെയുള്ള സംവിധാനങ്ങൾ ഉണ്ടാക്കിയെടുത്തിട്ടുണ്ട്. ഈ കാര്യം ഗവൺമെന്റ് ഗൗരവമായി പരിഗണിച്ചിട്ടുണ്ട്. അപേക്ഷ നൽകാനുള്ള ലാസ്റ്റ് ഡേറ്റ് 25-2-2006 വരെ നീട്ടിയിട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ ദരിദ്ര കുടുംബങ്ങളെ നിർണ്ണയിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടെന്ന് പറഞ്ഞു. ഗ്രാമപ്രദേശങ്ങളിൽ ഒൻപതും നഗരപ്രദേശങ്ങളിൽ ഒമ്പതുമാണ്. ഇതിൽ അംഗീകൃത ക്ലേശഘടകങ്ങൾ, നാലോ അതിൽ കൂടുതലോ ഘടകങ്ങൾ ബാധകമായിട്ടുള്ള കുടുംബങ്ങളാണ് വരുന്നത്. ഈ പരിധി ഇങ്ങനെ നിശ്ചയിച്ചാൽ എത്ര കുടുംബങ്ങൾക്ക് അതിന്റെ പ്രയോജനം കിട്ടുമെന്നാണ് ഗവൺമെന്റ് കണക്കാക്കിയിരിക്കുന്നത് ? ക്ലേശഘടകങ്ങളുടെ എണ്ണം കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ദരിദ്രരെ നിർണ്ണയിക്കുന്നതിന് ശരിയായ ഒരു മാനദണ്ഡം വേണമെന്ന് കുടുംബശ്രീ ആരംഭിച്ചകാലം മുതൽ ആലോചിച്ചുകൊണ്ടിരിക്കുന്നതാണ്. കഴിഞ്ഞ കുറെ കാലമായി സ്വീകരിച്ചു കൊണ്ടിരിക്കുന്ന സമീപനങ്ങളാണ്. കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിരുന്ന ഗവൺമെന്റുകൾ വളരെ ഗൗരവമായി ആലോചിച്ചു തീരുമാനിച്ചതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റ് കാര്യമായി ആലോചിക്കുന്നതാണ്.

ശ്രീ. കെ. കെ. ഷാജു: നമ്മുടെ സംസ്ഥാനത്തെ ദരിദ്രരായിട്ടുള്ള ജനവിഭാഗങ്ങൾക്കുവേണ്ടി ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള ഏറ്റവും ഫലപ്രദമായ സുരക്ഷാപദ്ധതിയാണ് അങ്ങ് ഇവിടെ പറഞ്ഞിട്ടുള്ള ഈ പദ്ധതി. January to January എന്നുള്ള നിലയിലാണ് ഇതിന്റെ സമയദൈർഘ്യം. ഇപ്പോൾ മന്ത്രി ഫെബ്രുവരി 25 വരെ ദീർഘിപ്പിച്ചു എന്ന് പറഞ്ഞു. കഴിഞ്ഞ മാസം 8-ാം തീയതി ഞാൻ എന്റെ നിയോജകമണ്ഡലത്തിലെ പഞ്ചായത്ത് പ്രസിഡന്റുമാരേയും മെമ്പർമാരേയുമൊക്കെ വിളിച്ചുചേർത്ത് ഈ പദ്ധതിയെ സംബന്ധിച്ച് അവലോകനം നടത്തി. അന്ന് രണ്ട് പഞ്ചായത്തുകൾ ഈ പദ്ധതിയിൽ ഒരു പ്രവർത്തനവും നടത്തിയിട്ടില്ല എന്ന് കണ്ടു. ഒരു പ്രവർത്തനവും നടത്താത്ത പഞ്ചായത്തുകളിലെ ഗുണഭോക്താക്കളെ എങ്ങനെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കഴിയും? അവർ ഈ പദ്ധതിയിൽ നിന്നും ഒഴിവായി പോകാതിരിക്കാൻ ആവശ്യമായിട്ടുള്ള എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഞങ്ങൾ പഞ്ചായത്ത് പ്രസിഡന്റുമാരുമായി സംസാരിച്ചുകൊണ്ടിരിക്കുകയാണ്. ജില്ലാതലത്തിലും റിവ്യൂ ചെയ്യുന്നുണ്ട്. നിയോജകമണ്ഡലത്തിൽ എം.എൽ.എ. അടങ്ങുന്ന ഒരു റിവ്യൂ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കാര്യങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞാൽ എല്ലാവരും ഇതുമായി സഹകരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ശ്രീ. എം. വി. ജയരാജൻ: കുടുംബ സുരക്ഷാ പദ്ധതിയെ സംബന്ധിച്ച് ഒരുപാട് ഉത്ക്കണ്ഠയും ആശങ്കയും തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ രേഖപ്പെടുത്തുകയാണ്. അങ്ങ് വിളിച്ചു ചേർത്ത മേയർമാരുടെ കോൺഫറൻസിലും പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷന്റെ കോൺഫറൻസിലുമെല്ലാം ഈ ആശങ്കയുടെ അടിസ്ഥാനത്തിൽ ചില നിർദ്ദേശങ്ങൾ അവർ മുന്നോട്ടുവച്ചിട്ടുണ്ട്. അതു അങ്ങ് തത്വത്തിൽ അംഗീകരിച്ചു എന്നാണ് ഞാൻ അറിയുന്നത്. ഒരു സർവ്വകക്ഷി യോഗം, സംസ്ഥാന തലത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും ഒരു യോഗം വിളിച്ചുചേർക്കണം. ഇതു സുതാര്യമായി നടത്താനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? ഏതു ദിവസം സർവ്വകക്ഷി യോഗം വിളിക്കുമെന്ന് ഈ സഭയുടെ മുമ്പാകെ വ്യക്തമാക്കുമോ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഇന്ത്യയിലൊക്കെ ഒരുപാടു ഇൻഷ്വറൻസ് പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്തുകളിൽത്തന്നെ പല ഇൻഷ്വറൻസ് പദ്ധതികളും നടപ്പിലാക്കുന്നതിന് അനുമതി തരണമെന്നു പറഞ്ഞ്

അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. നല്ലൊരു ഭാഗം പഞ്ചായത്തുകൾ, ഗവൺമെന്റ് നൽകിയ അപേക്ഷ ഉപയോഗിച്ച്, അനുമതി നൽകിയതിന്റെ പേരിൽ അതു നടപ്പാക്കുന്നുണ്ട്. ദരിദ്ര കുടുംബങ്ങൾക്കുള്ള, കേന്ദ്ര സർക്കാർ തന്നെ നടപ്പാക്കിയ ഒരു പദ്ധതിയുടെ ഭാഗമായിട്ടാണ് ഇതു നടപ്പാക്കുന്നത്. പക്ഷേ കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതി, ഇന്നത്തെ സാഹചര്യത്തിൽ ഇവിടത്തെ മുഴുവൻ ആളുകൾക്കും പ്രയോജനപ്പെടുന്നില്ല എന്നും കൂടുതൽ കവറേജു വേണമെന്നുമുള്ള നിലയ്ക്കാണ് സംസ്ഥാന സർക്കാർ ഈ പദ്ധതി കുറച്ചു കൂടി വിപുലീകരിച്ച് നടപ്പിലാക്കുന്നത്. കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണ്. ആ പദ്ധതിയിൽ പഞ്ചായത്തുകളും സംസ്ഥാന ഗവൺമെന്റുകളും കൂടി ഒരു വിഹിതം വച്ചുകൊണ്ടാണ് ചെയ്യുന്നത്. അങ്ങനെ ദൈനംദിനം നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഒരു പരിപാടിയിൽ, ഇതു നീണ്ടുപോകാൻ വേണ്ടിയുള്ള ഒരു സാഹചര്യം സൃഷ്ടിക്കരുതെന്നുണ്ട്. വളരെ പെട്ടെന്ന് നടപ്പാക്കിയതാണ്. ഇതിൽ രാഷ്ട്രീയ കക്ഷികളുടെ യോഗം വിളിക്കുന്നതെന്തിനാണ്. അങ്ങനെയാണെങ്കിൽ എല്ലാ പദ്ധതികളും യോഗം വിളിച്ച് തീരുമാനിക്കുമ്പോഴേക്കും കാലം കഴിഞ്ഞു പോകുമല്ലോ.

<u>ശ്രീ. പി. ജെ. ജോയി:</u> കുടുംബ സുരക്ഷാ പദ്ധതി ഏറ്റെടുത്തു നടത്താൻ ചുമതലപ്പെടുത്തിയിട്ടുള്ളത് കുടുംബശ്രീയെയാണ്. ഈ കുടുംബശ്രീ യൂണിറ്റുകൾ അപേക്ഷ സ്വീകരിച്ച് നൽകുമ്പോൾ ഇതൊരു കുടുംബശ്രീ പരിപാടിയായി മാത്രം മാറുന്നു. കുടുംബശ്രീയിലെ അംഗങ്ങൾക്കുമാത്രം ബാധകമായിട്ടുള്ള ഒരു കാര്യമായി ചിത്രീകരിക്കപ്പെടുകയും കുടുംബശ്രീയിലെ അംഗങ്ങൾ മാത്രം ചേരുന്ന ഒരു സാഹചര്യം ഓരോ പഞ്ചായത്ത് പ്രദേശത്തും ഉണ്ടാകുകയും ചെയ്തിരിക്കുകയാണ്. ഇത് ഗൗരവമായി കണക്കിലെടുത്തുകൊണ്ട്, ഇത് എല്ലാവർക്കും ലഭ്യമാകത്തക്ക വിധത്തിലുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കുമോ ?

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:</u> അർഹരായ എല്ലാ ദരിദ്ര കുടുംബത്തിലെ അംഗങ്ങൾക്കും ഇതിൽ അംഗമായി ചേരാം. കുടുംബശ്രീ എന്നു പറയുമ്പോൾ തന്നെ ദരിദ്ര കുടുംബങ്ങളുടെ ഒരു സംഘടനയാണ്. അതിലെ അംഗങ്ങൾക്കു മാത്രമുള്ളതല്ല, അർഹരായ എല്ലാ കുടുംബങ്ങൾക്കും ചേരാം. അവരെ ചേർക്കാനുള്ള നിർദ്ദേശവും നൽകിക്കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> പാവപ്പെട്ട ആളുകളെ സഹായിക്കുന്നതിനൊന്നും ഇടതുപക്ഷം എതിരല്ല. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നിരവധി ആശങ്കകളുണ്ട്. പ്രസവിച്ചാൽ 15,000 രൂപ, മരിച്ചാൽ 1,00,000 രൂപ, അംഗവൈകല്യം സംഭവിച്ചാൽ 50,000 രൂപ എന്നൊക്കെ പറഞ്ഞിട്ടുള്ള ആകർഷകമായ പദ്ധതിയാണ്. 33 രൂപ വ്യക്തി, 33 രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾ, 33 രൂപ സംസ്ഥാന ഗവൺമെന്റ്, 300 രൂപ കേന്ദ്ര ഗവൺമെന്റ്. ഇതിൽ പങ്കാളികളാകുന്നത് സഹകാര്യ ഇൻഷ്വറൻസ് കമ്പനികളാണ്. അമേരിക്കയിലെ സഹകാര്യ ഇൻഷ്വറൻസ് കമ്പനികളെ ബ്ലേഡ് കമ്പനികളെന്നാണ് പറയുന്നത്. അവിടെ ഇത്തരം പദ്ധതികളൊന്നും പ്രായോഗികമായി നടപ്പിലാക്കിയിട്ടില്ല. ഇതിനെ സംബന്ധിച്ചുള്ള ആശങ്ക പറയുമ്പോൾ, അതിനെ എതിർക്കുകയാണ് എന്നുള്ള രൂപത്തിൽ വിശദീകരിക്കുന്നതു ശരിയല്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ

LIBRARY ARCHIVES Kerala Legislative Assembly

ഇതിനു സഹായകരമായിട്ടുള്ള സമീപനം സ്വീകരിച്ചിട്ടുണ്ടെന്ന് മന്ത്രി തന്നെ പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ഇതിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള സ്വകാര്യ കമ്പനികൾ അത് നടപ്പാക്കുമെന്ന ഉറപ്പ് ഗവൺമെന്റിനുണ്ടോ ? ആ നിലയിലുള്ള വല്ല സംഗതികളും ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ? അതാണ് എനിക്ക് അറിയാനുള്ളത്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഞാൻ വളരെ വ്യക്തമായി പറഞ്ഞു, ഇവിടെ എതിർപ്പുകളെ ഞങ്ങൾ എതിർപ്പുകളായി കാണുന്നില്ല എന്ന്. അതു കാര്യങ്ങൾ അറിയാത്തതുകൊണ്ടുണ്ടായ സംശയങ്ങളെന്നു ഞാൻ വ്യക്തമായി പറഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു അമേരിക്കയിലൊക്കെ ബ്ലേഡ് കമ്പനികളാണെന്ന്. ഞാൻ അവിടെ ചികിത്സയ്ക്ക് പോയതുകൊണ്ടുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറയാം. അവിടെ ഇൻഷ്വറൻസില്ലാതെ ചികിത്സ നടത്താൻ പറ്റില്ല. എല്ലാവരുടെയും ആരോഗ്യം ഇൻഷ്വർ ചെയ്യപ്പെട്ടിരിക്കുകയാണ്. എല്ലാവരും സഹായം തേടുന്നത് ഇൻഷ്വറൻസ് കമ്പനികളെയാണ്. ഇവിടത്തെ പാവപ്പെട്ടവർക്ക് ലോകത്ത് എവിടെയും ലഭിക്കുന്നതിനേക്കാൾ നല്ല ചികിത്സ ഇവിടെ ലഭ്യമാക്കുവാനുള്ള അവസരം ഉണ്ടാക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഇൻഷ്വറൻസിനെ സംബന്ധിച്ച് ഞങ്ങളുടെ മുമ്പിലെ ഏറ്റവും വലിയ പ്രശ്നം, സാധാരണക്കാരായ കുടുംബങ്ങൾക്ക് വലിയ പ്രീമിയം അടയ്ക്കാൻ പറ്റില്ല. നാഷണൽ ഇൻഷ്വറൻസ് കമ്പനികളെ ഞങ്ങൾ വിളിച്ചു. ന്യൂ ഇന്ത്യയേയും യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനികളെയുമെല്ലാം ഞങ്ങൾ വിളിച്ചു. ഏറ്റവും കുറഞ്ഞ പ്രീമിയം കോട്ടു ചെയ്യുന്നത് ആരാണെന്നു നോക്കി. വലിയ വിലപേശി. നാഷണൽ ഇൻഷ്വറൻസ് കമ്പനികളൊന്നും പിന്നീട് വന്നില്ല. മാത്രവുമല്ല അവർ ഡൽഹിയിൽ ഓഫർ ചെയ്ത റേറ്റ് ഞങ്ങൾക്ക് ആദ്യം തന്നിട്ട്, പിന്നീട് അതു ഇവിടെ നിന്നും പിൻവലിക്കണമെന്ന് പറഞ്ഞുപോയപ്പോൾ, ഏറ്റവും കുറവു പറഞ്ഞത് ഐ.സി.ഐ.സി.ഐ. ആണ്. അവരുടേതു വന്നപ്പോൾ മറ്റു സ്വകാര്യ കമ്പനികളെക്കൂടി വിളിച്ചു. ഇതിൽ ഗവൺമെന്റിന്റെ ഉദ്ദേശം വളരെ വ്യക്തമാണ്. പാവപ്പെട്ടവന് വലിയ പ്രീമിയമില്ലാതെ കൂടുതൽ ആനുകൂല്യങ്ങൾ കിട്ടുക എന്നുള്ളതാണ്. ഇതിൽ സംശയമൊന്നും വേണ്ട. ഇപ്പോൾ പല പഞ്ചായത്തുകളിലും യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനികൾ മുഖേന ഇൻഷ്വറൻസ് നടപ്പാക്കുന്നുണ്ട്. അതിൽ 550 രൂപയുടെ പ്രീമിയം കൊടുക്കണം. ഇതിൽ 399 രൂപയുടെ പ്രീമിയം ഉണ്ടായാൽ മതി. പിന്നെ ഒരു ചോദ്യം ഉരുവിക്കുന്നതെന്താണെന്നു പറഞ്ഞാൽ, 399 രൂപയ്ക്ക് 30,000 രൂപ കൊടുക്കാൻ കഴിയുമോ, ഒരു ലക്ഷം രൂപ കൊടുക്കാൻ കഴിയുമോ എന്നതാണ്. ഒരുപാടു കാലമായി ഇൻഷ്വറൻസ് നടക്കുകയാണ്. എല്ലാ എം.എൽ.എ.-മാരും കാർ ഉപയോഗിക്കുന്നുണ്ട്. എന്നു വിചാരിച്ച് എല്ലാ കാറും അപകടത്തിലാകുമോ? കുറെ ആളുകളിൽ നിന്നും ഇതുപോലെ കുറച്ചു സംഖ്യ വാങ്ങിയിട്ട്, കുറച്ചു ആളുകൾക്കു കൊടുക്കുക എന്നുള്ളതാണ് ഇൻഷ്വറൻസിന്റെ ലക്ഷ്യം. അതനുസരിച്ചാണ് ചെയ്യുന്നത്. അതിൽ സംശയമുണ്ടെങ്കിൽ ആ സംശയം മാറ്റണം. ഇതിൽ സർക്കാരിന്റെ സദുദ്ദേശം മനസ്സിലാക്കാൻ ശ്രമിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly